# കൈത്താക്കാലം രണ്ടാം ഞായർ

## ലൂക്കാ 15, 1-32

ബൈബിളിൽ അത്യന്തം വിലമതിക്കപ്പെടുന്നതും പ്രസിദ്ധവുമായ ഭാഗമാണ് ലൂക്കായുടെ സുവിശേഷത്തിലെ പതിനഞ്ചാം അദ്ധ്യായം. സുവിശേഷങ്ങളുടെ സുവി ശേഷം എന്നാണ് ആ അദ്ധ്യായം അറിയപ്പെടുന്നത്. ഈശോയുടെ പ്രസംഗങ്ങളുടെ സാരം ആ അദ്ധ്യായത്തിൽ വായിക്കാൻ കഴിയും. മൂന്നു പ്രധാന ഉപമകളാണ് ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പാപികളും വർജ്ജ്യരുമെന്ന് പൊതുസ മൂഹം മുദ്രകുത്തിയവരോട് ഈശോ സമ്പർക്കം പുലർത്തുന്നത് ഫരിസേയരും നിയമ ജ്ഞരും അശേഷം ഇഷ്ടപ്പെട്ടിരുന്നില്ല. യഹൂദമതത്തിന്റെ ലഘുനിയമങ്ങൾപോലും ലംഘിക്കുന്നവരെ ഹീനരും അകറ്റി നിറുത്തേണ്ടവരുമായിട്ടാണ് സവർണ്ണസമൂഹം പരി ഗണിച്ചിരുന്നത്. പാപികളുടെ സമൂഹത്തോട് ഒരിക്കലും ഒരു വിധത്തിലും ബന്ധപ്പെടു വാൻ ഫരിസേയർ ഇഷ്ടപ്പെട്ടിരുന്നില്ല. ഇവരോട് കച്ചവടം, പണംകൊടുക്കൽ, ജാമ്യം നില്ക്കൽ, രഹസ്യങ്ങൾ സംസാരിക്കൽ തുടങ്ങിയവയൊന്നും അനുവദനീയമല്ലായിരു ന്നു. പാപികളോടുകൂടി സഞ്ചരിക്കുന്നതും നിഷിദ്ധമായിരുന്നു. പാപികളുടെ ഭവനം സന്ദർശിക്കുന്നതും അവരോടുകൂടി ഭക്ഷണം കഴിക്കുന്നതും നിരോധിച്ചിരുന്നു.

ഈശോ പാപികളോടുകൂടി സംസാരിക്കുന്നതും മമത പുലർത്തുന്നതും അക്ഷ ന്തവ്യമായ അപരാധമായി ഫരിസേയർ കരുതിയിരുന്നു. ഇത്തരം ബന്ധങ്ങൾ വ്യക്തിക ളെയും സമൂഹത്തെയും മലിനപ്പെടുത്തിയിരുന്നതായി നിയമജ്ഞർ വ്യാഖ്യാനിച്ചിരുന്നു. പശ്ചാത്തപിക്കുന്ന പാപിയേപ്പറ്റി സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകുമെന്ന് ഈശോ പറ ഞ്ഞത്, ഒരു പാപിയെ നിന്ദിക്കുകയും പുറത്താക്കുകയും ചെയ്യുമ്പോൾ ദൈവസന്നിധി യിൽ സന്തോഷമുണ്ടാകും എന്നുള്ള ഫരിസേയരുടെ ചിന്താഗതിക്കു വിപരീതമായിട്ടാ യിരുന്നു.

നഷ്ടപ്പെട്ട ആടിനെപ്പറ്റിയും അതിനെ തിരിച്ചുകിട്ടിയപ്പോൾ ആട്ടിടയനുണ്ടായ സന്തോഷത്തെപ്പറ്റിയുള്ള ക്രിസ്തുവിന്റെ ഉപമ വളരെ അന്തരാർത്ഥമുള്ളതാണ്. യൂദയാപ്രദേശത്ത് ആടുകൾക്കു മേയാൻ സൗകര്യമുള്ള പച്ചപ്പുൽത്തകിടികൾ അധിക മില്ല. അപകടം വരുത്തുന്ന താഴ്വരകളോടുകൂടിയ പുൽമേടുകൾ ഉണ്ട്. അവിടെയുള്ള ആട്ടിടയൻമാർ കഠിനാധ്വാനികളും സന്ധ്യാസമയമാകുമ്പോൾ വളരെ ക്ഷീണിതരുമാണ്. ഒരു ഗ്രാമത്തിലുള്ള ആടുകളെയെല്ലാം നോക്കുന്നതു രണ്ടോ മൂന്നോ ആട്ടിടയന്മാരാ കും. ഓരോ ആടിനെയും സൂക്ഷിക്കുവാനുള്ള കമെ അവർക്കുണ്ട്. അതുകൊണ്ട്

ഒരെണ്ണം വഴിതെറ്റിപ്പോയാൽ അതിനെ അന്വേഷിച്ചുപോകേണ്ട ചുമതല ആ ആട്ടിടയനുണ്ട്. വഴിതെറ്റിയ ആടിനെ കണ്ടുപിടിച്ചാൽ തോളത്തെടുത്തു വച്ചുകൊണ്ട് പോരികയും സാധാരണമാണ്. ആടുകളുടെ ആലയത്തിലേക്ക് വരുമ്പോൾ ആളുകൾ അയാളെ അഭിനന്ദിക്കുകയും സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. നഷ്ടപ്പെട്ട ഒരാടിനെ അന്വേഷിച്ചു കുന്നും മലയും കയറിയിറങ്ങി യാത്ര ചെയ്ത അവരെ അനുമോദിക്കുകയും ചെയ്യും.

ദൈവത്തെ ഈ രീതിയിലുള്ള ഒരാട്ടിടയനോട് ഉപമിച്ചാണ് ക്രിസ്തു അവതരിപ്പിച്ചത്. ആട്ടിൻകൂട്ടത്തിൽനിന്നും അകന്നുമാറി ഓടിയ ഒരാടിനെ അന്വേഷിച്ചുപോകുന്ന ആട്ടിടയനും ഒരു പ്രത്യേക സ്വഭാവക്കാരനായി പ്രത്യക്ഷപ്പെടുന്നു. ദൈവത്തിന് എല്ലാ മനുഷ്യരും ഒരുപോലെയാണ്. ഓരോ മനുഷ്യന്റെയും രക്ഷ അവിടുന്നാഗ്രഹിക്കുന്നു. ആരും ആത്മീയമായി നശിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. ദൈവത്തിന്റെ വ്യത്യസ്തവും കുലീനവുമായ സ്വഭാവമഹത്ത്വമാണ് ക്ഷമിക്കുകയെന്നത്. ലോകമതങ്ങളിലെ ദൈവസങ്കല്പ്പങ്ങളിൽ ഏറ്റവും മഹത്ത്വപൂർണ്ണമാണ് ക്ഷമിക്കുകയും സഹിക്കുകയും മനുഷ്യന്റെ വ്യാകുലതകൾ തിരിച്ചറിയുകയും ചെയ്യുന്ന ദൈവം.

ഈ അദ്ധ്യായത്തിൽ അവസാനം അവതരിപ്പിക്കുന്ന ധൂർത്തപുത്രന്റെ ഉപമയിൽ മാന്യനും ഉദാരഹൃദയനും അനുപമനുമായ ഒരു പിതാവിനെ നാം കണ്ടുമുട്ടുന്നു. ഇതിൽ കൂടുതൽ ലളിതഹൃദയനും സ്നേഹശീലനും കാരുണ്യക്കടലുമായ ദൈവത്തെ പരിചയപ്പെടുത്തിത്തരാൻ ആർക്കും സാധ്യമല്ല. സക്കേവൂസിന്റെ ഭവനം സന്ദർശിക്കുകയും ശീമോന്റെ പൂൽമേടയിലെ സത്കാരം സ്വീകരിക്കുകയും കല്ലെറിഞ്ഞു കൊല്ലുവാൻ കൊണ്ടുവന്ന സ്ത്രീയെ സ്വതന്ത്രയാക്കി അയയ്ക്കുകയും, അവസാനം കാൽവരിയിൽ മരണം പ്രതീക്ഷിച്ചു കുരിശിൽ കിടന്ന കള്ളന് പറുദീസ വാഗ്ദാനം ചെയ്യുകയും ചെയ്തത്, പാപികളോടുള്ള ക്രിസ്തുവിന്റെ കാരുണ്യവും കരുതലും കാണിക്കുന്ന സംഭവങ്ങളാണ്. പാപിയുടെ മരണമല്ല, മനസ്സുതിരിവാണ് ദൈവം ആഗ്രഹിക്കുന്നതെന്ന അടിസ്ഥാനതത്ത്വം അന്തരംഗത്തിൽ സൂക്ഷിക്കുക. ഈശോയുടെ പ്രബോധനങ്ങളുടെ കാതലും അതുതന്നെയാണല്ലോ.